



**ശീതകാല പച്ചക്കറി വിളകളായ കാബേജ്, കോളിഫ്ലവർ, ബീറ്റ്റൂട്ട്, കാരറ്റ് എന്നിവയുടെ കൃഷി ഇപ്പോൾ തുടങ്ങാം**

Malayala Manorama 20-10-18, P-12

# കൃഷി തുടങ്ങാം കൂളായി

## കാബേജ് ഇനങ്ങൾ

എൻഎസ് -183, എൻഎസ്-43, ശ്രീഗണേഷ് എന്നിവ കാബേജിന്റെ ഹോട്ട്സെറ്റ് (ചൂടുള്ള സ്ഥലങ്ങളിലേക്ക് അനുയോജ്യമായ) ഇനങ്ങളാണ്.

സമതലപ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് യോജിച്ചതാണ്. നല്ല ഉരുണ്ട കാബേജുകളാണ് ഇവ.

## കോളിഫ്ലവർ ഇനങ്ങൾ

ഹിമാനി, എൻഎസ്-245 (ബസന്ത്), എൻഎസ് - 60, എൻഎസ്-60 എൻ, പൂസ, മേഘ്ന എന്നിവയാണ് പ്രധാന ഇനങ്ങൾ. നല്ല വിളവു ലഭിക്കുന്ന ഇനങ്ങളാണ് ഇവ. 25 ദിവസം പ്രായമായ കാബേജ്, കോളിഫ്ലവർ എന്നിവയുടെ മുളപ്പിച്ച് തൈകൾ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (വിഎഫ്പിസികെ), കാർഷിക സർവകലാശാല എന്നിവിടങ്ങളിൽ നിന്നു ലഭ്യമാണ്.

## നടീൽ

നല്ല നീർവാർച്ചയും ധാരാളം സൂര്യപ്രകാശവുമുള്ള സ്ഥലങ്ങളാണ് കാബേജും കോളിഫ്ലവറും നടേണ്ടത്. ഒരടി വീതിയിലും ആവശ്യമായ നീളത്തിലും രണ്ടടി അകലത്തിൽ ചാലുകൾ കീറി അവയിൽ ചാണകം ഉണക്കിപ്പൊടിച്ചത് സെന്റിന് 100 കിലോഗ്രാം ചേർത്ത് മൂടണം. 25 മുതൽ 30 ദിവസം വരെ പ്രായമായ തൈകൾ ഇതിലേക്ക് മാറ്റി നടാം.

ഒരാഴ്ചത്തേക്ക് തണൽ കുത്തിക്കൊടുക്കുന്നത് തൈകൾ എളുപ്പം പിടിച്ചുകിട്ടുന്നതിനും വളരുന്നതിനും സഹായിക്കും. തനിവിളയായി ചെയ്യുമ്പോൾ ഒരു സെന്റിൽ 150 ചെടികൾക്കു മേൽ നടാവുന്നതാണ്. ഓരോ വരികളും തമ്മിൽ 60 സെ.മീ. (രണ്ടടി) അകലവും ചെടികൾ തമ്മിൽ 45 സെ.മീ. (ഒന്നര അടി) ഇടയകലവും നൽകണം.

വീടുകളിൽ നടുമ്പോൾ വളപ്രയോഗത്തിനും കള പറിക്കുന്നതിനുമായി കൂടുതൽ അകലം നൽകാം. ഓരോ തവണ വളപ്രയോഗം നടത്തുന്നതിനൊപ്പവും മണ്ണ് കയറ്റിക്കൊടുക്കണം.

## ജലസേചനം

ഒന്നിടവിട്ട ദിവസങ്ങളിലും പറ്റുമെങ്കിൽ ദിവസേനയും നനയ്ക്കണം. ഇലകളിൽ വീഴുന്നവിധം നനയ്ക്കുകയാണെങ്കിൽ വെള്ളീച്ച, നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ എന്നിവയെ ഒഴിവാക്കാം.


തയാറാക്കിയത്:
ജോസഫ് ജോൺ തേറാട്ടിൽ,
കൃഷി ഓഫിസർ, പഴയന്നൂർ,
തൃശൂർ
johntj139@gmail.com


## രോഗങ്ങൾ

### കടചീയൽ /വാട്ടം

മുളച്ചുവരുന്ന തൈകൾക്ക് കണ്ടുവരുന്ന ഒരു രോഗമാണ് കടചീയൽ അല്ലെങ്കിൽ വാട്ടം. മണ്ണിലോ, ചട്ടികളിലോ പോട്ടിങ് മിക്സചറിലോ വിത്തു മുളപ്പിക്കുന്നിടത്ത് രോഗം കൂടുതലായി കാണാം. എന്നാൽ പ്രോട്രേകളിൽ വളർത്തുന്നവയിൽ രോഗം കുറവായിരിക്കും.

വിത്തിടുന്നതിനു മുമ്പ് സ്യൂഡോമോണാസ് ഉപയോഗിച്ചു നനയ്ക്കുന്നത് ഫലപ്രദമാണ്. തൈകൾ മാറ്റി നടുമ്പോൾ സ്യൂഡോമോണാസ് ലായനിയിൽ മുക്കി നട്ടാൽ ഗുണകരമായിരിക്കും. തൈകളുടെ കടഭാഗം ചീഞ്ഞ് ഉണങ്ങിപ്പോകുന്നതായി കാണുന്നതും ഈ രോഗത്തിന്റെ ലക്ഷണമാണ്. ഈ ലക്ഷണം കണ്ടാൽ നന കുറയ്ക്കാൻ ശ്രദ്ധിക്കണം.

## കീടങ്ങൾ

പുഴുക്കളാണ് പ്രധാന കീടങ്ങൾ. ഇവ രാത്രികാലങ്ങളിൽ മാത്രമേ ഇലപ്പുറമേ എത്തുകയുള്ളൂ. അതുവരെ ഇലകളുടെ കടഭാഗത്ത് കഴിച്ചുകൂട്ടുന്നു. ഉച്ചതിരിഞ്ഞോ അതിരാവിലെയോ വേണം കീടനാശിനികൾ പ്രയോഗിക്കുവാൻ. ആക്രമണം രൂക്ഷമായാൽ ഗോമൂത്രം - കാന്താരിമുളക് മിശ്രിതമോ, വേപ്പധിഷ്ഠിത കീടനാശിനികൾ 2 മില്ലി ഒരു ലീറ്റർ എന്ന തോതിലോ തളിച്ചുകൊടുക്കാം.

## ബീറ്റ്റൂട്ട് ഇനങ്ങൾ

### ഡെട്രോയിറ്റ്, ഡാർക്ക് റെഡ്, മധുർ

നല്ല നീർവാർച്ചയും ഇളക്കവുമുള്ള മണ്ണ് കൃഷി ചെയ്യുന്നതിന് അനുയോജ്യം. തടങ്ങൾ എടുത്ത് അതിൽ വിത്തുകൾ പാകി ബീറ്റ്റൂട്ട് മുളപ്പിച്ചെടുക്കാം. തൈകൾ മാറ്റിനടേണ്ട ആവശ്യമില്ല. ഒന്നരയടി (45 സെ.മീ) വീതിയും ഒരടി (30 സെ.മീ) ഉയരവുമുള്ള തടങ്ങൾ എടുക്കുക. അതിൽ 20 സെ.മീ. ഇടയകലം നൽകി രണ്ടു വരികളിലായി 20 സെ.മീ. അകലത്തിൽ വിത്തുകൾ നടാം. ശേഷം മണ്ണിട്ട് പുത നൽകാം. തൈകളുടെ ചുവട്ടിൽ മണ്ണ് കയറ്റിക്കൊടുക്കണം. മുളച്ചുവരുന്നതിനനുസരിച്ച് നന നൽകണം. വളപ്രയോഗത്തിനുശേഷം മണ്ണ് കയറ്റിക്കൊടുക്കണം. നട്ട് മൂന്നു മാസത്തിനുള്ളിൽ വിളവെടുപ്പിന് പാകമാകും.



## ബീറ്റ് റൂട്ടിന് ജൈവവളപ്രയോഗം

(ജൈവവളപ്രയോഗം സെന്റ് ഒന്നിന് എന്ന തോതിൽ)

| ജൈവ വളങ്ങൾ | പ്രയോഗിക്കേണ്ട സമയം | ഉപയോഗിക്കേണ്ട അളവ് |
|---|---|---|
|  | അടിവളം | 2.25 കിലോഗ്രാം |
| കപ്പലണ്ടിപ്പിണ്ണാക്ക് | തൈകൾ മുളച്ച് ഒരു മാസത്തിനു ശേഷം | 2.25 കിലോഗ്രാം |
| എല്ലുപൊടി | അടിവളം | 750 ഗ്രാം |
| ചാരം | അടിവളം | 1.25 കി.ഗ്രാം |



## കാബേജിനും കോളിഫ്ലവറിനും ജൈവ വളപ്രയോഗം

(ചെടി ഒന്നിന് എന്ന തോതിൽ)

| ജൈവ വളങ്ങൾ | പ്രയോഗിക്കേണ്ട സമയം | ഉപയോഗിക്കേണ്ട അളവ് |
|---|---|---|
| 1. കപ്പലണ്ടിപ്പിണ്ണാക്ക് | തൈകൾ മാറ്റി നടുന്നതിനു മുൻപ് (കുഴികളിൽ) | 50 ഗ്രാം |
|  | തൈകൾ മാറ്റി നട്ട് ഒരു മാസത്തിനു ശേഷം | 30 ഗ്രാം |
| | മാറ്റി നട്ട് രണ്ടു മാസത്തിനു ശേഷം | 30 ഗ്രാം |
| 2. എല്ലുപൊടി | തൈകൾ മാറ്റി നടുന്നതിനു മുമ്പ് | 25 ഗ്രാം |
| 3. ചാരം | തൈകൾ മാറ്റിനട്ട് ഒരു മാസത്തിനു ശേഷം | 25 ഗ്രാം |

## കാരറ്റിന് ജൈവവള പ്രയോഗം

(സെന്റ് ഒന്നിന് എന്ന തോതിൽ)

| ജൈവ വളങ്ങൾ | പ്രയോഗിക്കേണ്ട സമയം | ഉപയോഗിക്കേണ്ട അളവ് |
|---|---|---|
|  | അടിവളം | 2.25 കിലോഗ്രാം |
| കപ്പലണ്ടിപ്പിണ്ണാക്ക് | തൈകൾ മുളച്ച് ഒരു മാസത്തിനു ശേഷം | 2.25 കിലോഗ്രാം |
| എല്ലുപൊടി | അടിവളം | 1.25 കിലോഗ്രാം |
| ചാരം | അടിവളം | 1.75 കിലോഗ്രാം |

## കാരറ്റ് ഇനങ്ങൾ

### പൂസ നയൻജ്യോതി, പൂസ കേസർ, സൂപ്പർ കൂറോട

തടങ്ങൾ എടുത്ത് അതിൽ വിത്തുകൾ പാകണം. തടങ്ങൾക്ക് 25 സെന്റീമീറ്റർ ഉയരവും 40 സെന്റീമീറ്റർ വീതിയും വേണം. രണ്ടു തടങ്ങൾ തമ്മിൽ ഒരടി അകലം നൽകാം. തടങ്ങളിൽ പത്തു സെന്റീമീറ്റർ അകലത്തിൽ രണ്ടു വരികളിലായി വിത്തു പാകണം. വിത്തുകൾ മണലുമായി കലർത്തി പാകിയശേഷം മണ്ണുകൊണ്ടു മൂടാം. മണ്ണ് ഇളക്കമുള്ളതായിരിക്കണം. കല്ലിന്റെ ഭാഗങ്ങൾ ഉണ്ടായിരിക്കാൻ പാടില്ല. ജലാംശം വേണം. വെള്ളം കെട്ടിനിൽക്കുകയുമരുത്. ഒരു മാസമാകുമ്പോഴേക്കും ഇടയിലുള്ള കാരറ്റ് തൈകൾ പറിച്ച് ഇടയകലം ക്രമീകരിക്കാം. മണ്ണ് കയറ്റിക്കൊടുക്കണം. മൂന്നര മാസമാകുമ്പോൾ വിളവെടുപ്പിന് പാകമാകും.